**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3321** **25-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്കിൽ 2019 ലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഇതുവരെ ധനസഹായം ലഭിക്കാത്തവരുടെ പരാതികളിന്മേലുള്ള എത്ര അപ്പീൽ അപേക്ഷകളാണ് പരിഗണനയിലുള്ളതെന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ താലൂക്കിലെ 2019 ലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഭവന നാശം സംഭവിച്ചവർക്ക് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെ പിശക്, പേരിലുള്ള ന്യൂനതകൾ തുടങ്ങിയ കാരണങ്ങളാൽ തുക കൈമാറാൻ കഴിയാതെ വന്നിട്ടുള്ള റീബിൽഡ് ആപ്പിൽപ്പെട്ടവരുടെ അപാകതകൾ പരിഹരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ സി.എം.ഒ ഓൺലൈൻ വഴി കിട്ടിയ അപേക്ഷകളും പരിശോധിച്ച് അതത് സമയം കക്ഷികൾക്ക് മറുപടി നൽകിയിട്ടുള്ളതാണ്. മേൽ പറഞ്ഞ രണ്ട് തരത്തിലുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് താഴെപറയും പ്രകാരമാണ്. (attach document) |
| (ബി) | 2019-ലെ പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് സജ്ജമാക്കിയിരുന്ന മൊബൈൽ ആപ്പും സോഫ്റ്റ്‌വെയറും ഇപ്പോഴും പ്രവർത്തനസജ്ജമാണോ; പരാതിക്കാധാരമായ വിവരങ്ങൾ മൊബൈൽ ആപ്പിൽ വില്ലേജ് ഓഫീസർമാർക്ക് അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തതിനാലാണോ പരാതികൾ പരിഹരിക്കപ്പെടാത്തത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2019- ലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിക്കുന്നതിന് റിലീഫ്/ റിബിൽഡ് ആപ്പ് വഴി വിവര ശേഖരണം തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടാതെ പോയ പരാതികൾ പരിഹരിക്കുന്നതിന് റിലീഫ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സോഫ്റ്റ്‌വെയർ തുറന്നു നൽകിയിട്ടുണ്ട്. ആയതു പ്രകാരം അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (സി) | പ്രകൃതിക്ഷോഭം നടന്ന് രണ്ട് വർഷമായിട്ടും ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് ധനസഹായം ലഭ്യമാക്കുന്നതിനും പരാതികളിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർവ്വേ നടത്തി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി നിലവിൽ റിലീഫ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുറന്ന് നൽകിയിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട കേസുകൾ ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്കേ അപേക്ഷകൾ പരിഗണിക്കാനാവൂ എന്നാണ് തഹിൽദാർ രേഖാമൂലം മറുപടി നൽകുന്നത് എന്നകാര്യം ശ്രദ്ധയിലുണ്ടോ; | (ഡി) | 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർവ്വേ നടത്തി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി നിലവിൽ റിലീഫ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുറന്ന് നൽകിയിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട കേസുകൾ ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) | പ്രസ്തുത ധനസഹായം ഇനിയും ലഭിക്കാനുള്ളവർക്ക് എന്നത്തേക്ക് നൽകാനാവുമെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ഇ) | 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർവ്വേ നടത്തി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി നിലവിൽ റിലീഫ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുറന്ന് നൽകിയിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട കേസുകൾ ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

| **ക്രമ നം.** | **വില്ലേജ്** | **എണ്ണം** |
|---|---|---|
| 1 | പുള്ളിപ്പാടം | 12 |
| 2 | അകമ്പാടം | 1 |
| 3 | എടക്കര | 10 |
| 4 | നിലമ്പൂർ | 12 |
| 5 | ചുങ്കത്തറ | 4 |
| 6 | കരുളായി | 4 |
| 7 | പോത്തുകല്ല് | 6 |
| 8 | മുത്തേടം | 1 |
| 9 | മമ്പാട് | 6 |
| 10 | വഴിക്കടവ് | 4 |
| | **ആകെ** | **60** |